(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിൽ പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത് പ്രസ്തുത വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ഇടപ്പെടൽ കാരണം ആണെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) പി. എസ്. സി. വഴി നിയമനം ലഭിച്ച ആരും ഇല്ല.

(ബി) ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(സി) ആറ് ഒഴിവുകൾ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം

206 (1141) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പതോളജിസ്റ്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി നിയമനം നടത്തുന്നതിന് നിലവിലുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ തസ്തികയിലേക്കുള്ള യോഗ്യത നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ അഭിപ്രായം തേടിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ബി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇ.എൻ.ടി വകുപ്പ് മേധാവിയുടെ അഭിപ്രായം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം - XXIX, XXX

LIBRARY ARCHIVES Kerala Legislative Assembly